മാധ്യമം

19 January 2017

# എം-കൃഷി ഫിഷറീസ് മൊബൈൽ ആപ്പിന് ദേശീയ അംഗീകാരം

- ഇന്ധനച്ചെലവ് കുറക്കുന്നതിനും മത്സ്യം കൂടുതൽ ലഭിക്കുന്നതിനും പ്രയോജനകരം

കൊച്ചി: മീൻപിടിത്തം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ വികസിപ്പിച്ച എം-കൃഷി ഫിഷറീസ് മൊബൈൽ ആപ്പിന് ദേശീയ അംഗീകാരം.

കേന്ദ്ര വിദേശകാര്യ മന്ത്രാലയവും നീതി ആയോഗും ചേർന്ന് തയാറാക്കിയ രാജ്യത്തെ 20 മികച്ച നൂതന സാമൂഹിക നേട്ടങ്ങളുടെ പട്ടികയിൽ ഈ ആപ്പിനെ ഉൾപ്പെടുത്തി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും (സി.എം.എഫ്.ആർ.ഐ) ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷന്റെയും (ഇൻകോയിസ്) സാങ്കേതിക വിദ്യ ഉപയോഗിച്ച് ടാറ്റ കൺസൽട്ടൻസി സർവിസാണ് ആൻഡ്രോയിഡ് ഫോണുകളിൽ ഉപയോഗിക്കാവുന്ന ആപ്പ് വികസിപ്പിച്ചത്. കടലിൽ കൂടുതൽ മത്സ്യലഭ്യതയുള്ള മേഖല, സമുദ്ര ജലോപരിതല ഊഷ്മാവ്, കാലാവസ്ഥ, മത്സ്യങ്ങളുടെ തീറ്റയായ പ്ലവകങ്ങളുടെ സാന്നിധ്യം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ മനസ്സിലാക്കാനാകും.

മഹാരാഷ്ട്രയിലെ 13 മത്സ്യത്തൊഴിലാളി സംഘങ്ങളിൽ സി.എം.എഫ്.ആർ.ഐ നടത്തിയ പഠനത്തിൽ ഈ സാങ്കേതികവിദ്യയുടെ സഹായത്താൽ 30 ശതമാനം വരെ ഇന്ധന ഉപഭോഗം കുറക്കാനായെന്ന് കണ്ടെത്തിയിരുന്നു. മത്സ്യലഭ്യതയിലും വർധനവുണ്ടായി.

മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷയും ഇത് ഉപയോഗിക്കുന്നതിലൂടെ ഉറപ്പുവരുത്താനാകുന്നുണ്ട്. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വികസിപ്പിച്ച ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്ലിക്കേഷൻ (എഫ്.എഫ്.എം.എ) എന്ന മൊബൈൽ ആപ്പാണ് കേരളത്തിലെ തീരങ്ങളിൽ ഉപയോഗിക്കുന്നത്. ഈ സംരംഭത്തിലും സി.എം.എഫ്.ആർ.ഐ പങ്കാളിയാണ്.